ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: ഡി.ജി.ഇ/24754/2025-H2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 04-12-2025
ഇ-മെയിൽ : supdth.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (HSE)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (VHSE)
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾ കാരണം ദിവസ വേതനത്തിൽ നിയമിച്ച അധ്യാപകരെ അതിനുശേഷം റെഗുലറൈസ് ചെയ്യുമ്പോൾ ശമ്പള കുടിശ്ശിക നൽകുന്നതു- സംബന്ധിച്ച്

സൂചന :- 1. ബഹു . പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 02.12.2025 തീയതിയിലെ കുറിപ്പ് നം. 240/2025/Min(G.Edn&L)

2. 07.08.2025 തീയതിയിലെ ജെ.ആർ1/585/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിക്കാത്ത കാരണത്താൽ ദിവസ വേതനത്തിൽ നിയമനാഗീകാരം ലഭിക്കുകയും പിന്നീട് ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിച്ചതിനെ തുടർന്ന് നിയമനം റെഗുലറൈസ് ചെയ്യുമ്പോൾ അധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. നിയമനം റഗുലറൈസ് ചെയ്യുമ്പോൾ ലഭിക്കുന്ന കുടിശ്ശിക ശമ്പളത്തിൽ നിന്നും അദ്ധ്യാപകർ ദിവസവേതനത്തിൽ കൈപ്പറ്റിയ തുക കുറച്ച് ബാക്കി തുക അനുവദിക്കേണ്ടതാണ്. ദിവസവേതനമായി കൈപ്പറ്റിയ തുക മുഴുവനും തിരിച്ചടച്ചാൽ മാത്രമേ റഗുലറൈസ് ചെയ്യുമ്പോൾ ശമ്പള സ്കെയിലിൽ ശമ്പളം നൽകാൻ പറ്റുകയുള്ളു എന്ന രീതിയിൽ നിർദ്ദേശങ്ങൾ നൽകരുത്

2. ശമ്പളകുടിശ്ശിക നൽകുമ്പോൾ **27.01.2021** ലെ **07/2021**/ധന. നമ്പർ സർക്കാർ പരിപത്രം പ്രകാരമാണ് നടപടി സ്വീകരിക്കേണ്ടത്. നിയമന തീയതി മുതൽ നിയമനാംഗീകാരം (ശമ്പള സ്കെയിലിൽ) നൽകികൊണ്ടുള്ള ഉത്തരവിന്റെ തീയതി വരെയുള്ള ശമ്പള സ്കെയിലിൽ ലഭിക്കേണ്ട തുകയിൽ നിന്നും പ്രസ്തുത കാലയളവിൽ ദിവസവേതനത്തിൽ കൈപ്പറ്റിയ തുക കുറവ് ചെയ്ത് ബാക്കി കുടിശ്ശികയാണ് പി.എഫ്-ൽ ലയിപ്പിക്കേണ്ടത്.
3. ശമ്പള കുടിശ്ശിക നൽകുന്നതിൽ "**SPARK**" സംവിധാനത്തിൽ എന്തെങ്കിലും സാങ്കേതിക തടസങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ട്രഷറി ഓഫീസർ/ **SPARK** നോഡൽ ഓഫീസർ എന്നിവരുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മറ്റ് എന്തെങ്കിലും നടപടി ആവശ്യമുണ്ടെങ്കിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ പരിശോധിച്ചു വിശദമായ റിപ്പോർട്ട് അനുബന്ധ രേഖകൾ സഹിതം ഈ കാര്യാലയത്തിലേക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Signed by
R S Shibu
Date: 04-12-2025 07:26:50